LIBRARY ARCHIVES Kerala Legislative Assembly

നിയമ വകുപ്പിലെ സീനിയോറിറ്റി

60 [2548] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിയമനം ലഭിക്കുന്നവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പിലേയും ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള നിയമത്തിന്റെ സ്പെഷ്യൽ റൂൾ ആണോ എന്ന് വ്യക്തമാക്കുമോ;

(സി) നിയമവകുപ്പിലെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളാണെന്ന് നിയമവകുപ്പിന് അധികാരം നൽകുന്ന ഏതെങ്കിലും വ്യവസ്ഥയുണ്ടോ; എങ്കിൽ ആയത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കാമോ; ചട്ടത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ—സി) സെക്രട്ടേറിയറ്റ് ജീവനക്കാരുടേതുൾപ്പെടെ എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരുടേയും സീനിയോറിറ്റി നിശ്ചയിക്കുന്നത് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ജനറൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ്. കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, സെക്രട്ടേറിയറ്റിലെ വകുപ്പുകളിലെ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് ബാധകമാണ് എന്നതിൽ അവ്യക്തതയില്ല.

പുതിയ ഫയർ സ്റ്റേഷനുകളുടെ അനുബന്ധ സൗകര്യങ്ങൾ

61 [2549] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി സർക്കാർ നിശ്ചയിച്ച 28 സ്ഥലങ്ങളിൽ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഇതുവരെ ലഭ്യമായിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സ്ഥലങ്ങളെ സംബന്ധിച്ച് എന്ത് തീരുമാനമാണ് സർക്കാർ എടുക്കാനുദ്ദേശിക്കുന്നത്;

(സി) ഫയർ സ്റ്റേഷൻ തുറക്കാൻ കഴിയാത്ത സ്ഥലങ്ങളെ ഒഴിവാക്കി പ്രധാന സ്ഥലങ്ങളിൽ ഇവ ആരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്;

(ഡി) ശബരിമലയുടെ സാമീപ്യവും വൈദ്യുതി വകുപ്പിന്റെ തന്ത്രപ്രധാന കേന്ദ്രങ്ങളുടെ സാമീപ്യവും പരിഗണിച്ച് സീതത്തോട്ടിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. നെടുമങ്ങാട്.
2. പാറശ്ശാല.
3. മാനന്തവാടി.

(ബി ആന്റ് സി) സ്ഥലവും സൗകര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിക്കുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും ഫണ്ടും ലഭ്യമായാൽ ഫയർ സ്റ്റേഷൻ തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കോഴിക്കോട് ജില്ലയിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനുള്ള നടപടി

82 [2550] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഫയർസ്റ്റേഷനുകൾ ആരംഭിക്കാനുള്ള തീരുമാനപ്രകാരം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിരുന്നത്;

(ബി) ഇതിൽ എവിടെയെല്ലാം ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിച്ചു എന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ;

(സി) സ്ഥലവും കെട്ടിടവും ലഭ്യമല്ലാത്തതിനാൽ ഫയർസ്റ്റേഷനുകൾ എവിടെയെങ്കിലും ആരംഭിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ;

(ഡി) മറ്റേതെങ്കിലും പ്രദേശത്ത് സ്ഥലവും താൽക്കാലിക സൗകര്യങ്ങളും ലഭ്യമാക്കാമെന്ന് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെന്ന് വിശദമാക്കുമോ;

(എഫ്) പ്രസ്തുത നിർദ്ദേശം പരിഗണിച്ച് ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly